**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1926** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് ഐ.എച്ച്.ആർ.ഡി കോളേജിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ; | (എ) | ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിപ്പാട് (കാർത്തികപ്പള്ളി) അപ്ലൈഡ് സയൻസ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണത്തിനായി 1,57,52,000/- (ഒരു കോടി അൻപത്തി ഏഴ് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഐ.എച്ച്.ആർ.ഡിക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പ്രസ്തുത നിർമ്മാണ പ്രവർത്തി പൊതു മരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രധാന കെട്ടിടത്തിന്റെ രണ്ടാംനിലയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. - യ്ക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പ്രസ്തുത നിർമ്മാണത്തിനായുള്ള തുക പൊതു മരാമത്ത് വകുപ്പിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി ഐ.എച്ച്.ആർ.ഡി ഡയറക്ടർ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിനാവശ്യമായ ഫണ്ട് പി.ഡബ്ല്യൂ.യു.ഡി വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിപ്പാട് (കാർത്തികപ്പള്ളി) അപ്ലൈഡ് സയൻസ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണത്തിനായി 1,57,52,000/- (ഒരു കോടി അൻപത്തി ഏഴ് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഐ.എച്ച്.ആർ.ഡിക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പ്രസ്തുത നിർമ്മാണ പ്രവർത്തി പൊതു മരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രധാന കെട്ടിടത്തിന്റെ രണ്ടാംനിലയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. - യ്ക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് പ്രസ്തുത നിർമ്മാണത്തിനായുള്ള തുക പൊതു മരാമത്ത് വകുപ്പിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി ഐ.എച്ച്.ആർ.ഡി ഡയറക്ടർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ